ഭരണഭാഷ-മാതൃഭാഷ

**കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ഉത്തരവ്**

വിഷയം: - ജീവനക്കാര്യം - ഡ്രഗ്സ് കൺട്രോൾ വകുപ്പ്- തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് - ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനെ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ഉത്തരവ് നമ്പർ. ഇ1.8907/2016/ഡി.സി. തിരുവനന്തപുരം തീയതി: 15/11/2017

പരാമർശം:- (1) 01/09/1971 - ലെ ജി.ഒ. (എം.എസ്) 288/71/പിഡി. നം. ഉത്തരവ്.
(2) 23/08/2017 -ലെ എഫ്1/251/2017 - ആരോഗ്യം നമ്പർ സർക്കാർ കത്ത്
(3) ഈ കാര്യാലയത്തിൽ നിന്നുള്ള 28/09/2017 ലെ ഇതേ നമ്പർ സർക്കുലർ

**ഉത്തരവ്**

പരാമർശം (1) പ്രകാരം വകുപ്പിലുണ്ടാകുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ ഒഴിവ് 1:1 അനുപാതത്തിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്ന് തസ്തികമാറ്റം മുഖേനെയും പിഎസ്‌സി മുഖേനെയും നികത്താവുന്നതാണ്. യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും അപേക്ഷകൾ സൂചന (3) പ്രകാരം ക്ഷണിച്ചതിൽ, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ്, പാലക്കാട് ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് ശ്രീമതി.ജ്യോതി.എസ്, ആലപ്പുഴ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ യൂഡി ടൈപ്പിസ്റ്റ് ശ്രീമതി.സചിത്ര.വി.എസ് എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നു.ഇവരിൽ ഏറ്റവും സീനിയർ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് ആണ്.

ആയതിനാൽ ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് - നെ 20,000 - 45,800 രൂപ ശമ്പള നിരക്കിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ തസ്തികമാറ്റം മുഖേനെ നിയമനം നൽകി തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് - ന്റെ ശമ്പളം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 - ലെ ചട്ടം 28 എ പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നിരീക്ഷണകാലമായിരിക്കും.

ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഒപ്പ്/-
രവി.എസ്.മേനോൻ
ഡ്രഗ്സ് കൺട്രോളറുടെ ചുമതലയുള്ള
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ

ശ്രീമതി.ലക്ഷ്മി പ്രിയ.ആർ.എസ്
സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്,
ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറി, തിരുവനന്തപുരം
(ചീഫ് ഗവൺമെന്റ് അനലിസ്റ്റ് മുഖേന)

പകർപ്പ്:-

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ - I & II
2. ചീഫ് ഗവ.അനലിസ്റ്റ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം.
3. എസി1 സെക്ഷൻ
4. സീനിയർ സൂപ്രണ്ട് - I & II
5. കരുതൽ ഫയൽ
6. ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്